2024
JUNE
06
THUR SDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




### വൊഡഫോൺ ഐഡിയയ്ക്ക് തിരിച്ചടി

## കുടിശിക അടച്ചില്ലെങ്കിൽ ടവർ സേവനം നിർത്തും



**മുംബൈ:** വൊഡഫോൺ ഐഡിയയ്ക്ക് തിരിച്ചടിയായി ടവർ കമ്പനിയായ ഇൻഡസ് ടവേഴ്സിൻറെ മുഖ്യ ഓഹരി ഉടമകളായ ഭാരതി എയർടെല്ലിൻറെ ചെയർമാൻ സുനിൽ മിത്തലിൻറെ മുന്നറിയിപ്പ്. കുടിശികകൾ വീട്ടിയില്ലെങ്കിൽ 5ജി സേവനത്തിനായി ടവർ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കില്ലെന്നാണ് സുനിൽ മിത്തൽ വ്യക്തമാക്കിയത്.

ഇൻഡസ് ടവേഴ്സിൽ 48% ഓഹരികളുള്ള ഭാരതി എയർടെല്ലാണ് മുഖ്യ ഓഹരി ഉടമകൾ. കമ്പനിയിൽ വൊഡഫോൺ ഐഡിയയ്ക്ക് 5 ശതമാനത്തിൽ താഴെ ഓഹരികളേയുള്ളൂ. കുടിശിക വീട്ടുന്നതു വരെ ഇൻഡസ് ടവേഴ്സിൻറെ സേവനം വൊഡഫോൺ ഐഡിയയ്ക്ക് കിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു.

ആറു മാസത്തിനകം 5ജി സേവനം ലഭ്യമാക്കുമെന്ന് വൊഡഫോൺ ഐഡിയ വ്യക്തമാക്കിയിട്ടുണ്ട്. കേരളം ഉൾപ്പെടെ ഏതാനും സംസ്ഥാനങ്ങളിൽ കമ്പനി ഇതിനുള്ള പരീക്ഷണം നടത്തുകയുമാണ്. ഫോളോഓൺ ഓഹരി വിൽപ്പനയിലൂടെ അടുത്തിടെ വൊഡഫോൺ ഐഡിയ 18,000 കോടി രൂപ സ്വരൂപിച്ചിരുന്നു. പ്രമോട്ടർമാരിൽ നിന്ന് 2,000 കോടി രൂപയോളവും ലഭിച്ചു. കടപ്പത്രങ്ങളിറക്കിയോ ഓഹരി വിൽപ്പനയിലൂടെയോ വീണ്ടുമൊരു 20,00025,000 കോടി രൂപ സമാഹരിക്കാനും വൊഡഫോൺ ഐഡിയ ആലോചിക്കുന്നുണ്ട്.

ഇൻഡസ് ടവേഴ്സിൻറെ വരുമാനത്തിൽ 40 ശതമാനവും എത്തുന്നത് വൊഡഫോൺ ഐഡിയയ്ക്ക് നൽകുന്ന സേവനങ്ങളിൽ നിന്നാണ്. 10,000 കോടി രൂപയാണ് ഈയിനത്തിൽ കമ്പനിക്ക് വൊഡഫോൺ ഐഡിയ വീട്ടാനുള്ള കുടിശിക. ഇത് തീർത്താലേ തുടർന്നും സേവനം ലഭ്യമാക്കൂ എന്നാണ് സുനിൽ മിത്തൽ നൽകിയ മുന്നറിയിപ്പ്.

## സത്യപ്രതിജ്ഞ ചടങ്ങ്; രാഷ്ട്രത്തലവന്മാരെ ക്ഷണിച്ച് മോദി



**ന്യൂഡൽഹി:** മൂന്നാം എൻഡിഎ സർക്കാരിൻറെ സത്യപ്രതിജ്ഞ ചടങ്ങിലേക്ക് അയൽ രാഷ്ട്രതലവന്മാർക്ക് ക്ഷണം. നരേന്ദ്ര മോദിയാണ് രാഷ്ട്രതലവന്മാരെ ക്ഷണിച്ചിരിക്കുന്നത്.

റനിൽ വിക്രമസിംഗയെ ക്ഷണിച്ചെന്ന് ശ്രീലങ്കൻ സർക്കാർ വക്താവ് അറിയിച്ചു. ബംഗ്ലാദേശ് പ്രധാനമന്ത്രി ഷേഖ് ഹസീനയ്ക്കും മോദിയുടെ ക്ഷണമുണ്ട്. അതേസമയം, ഭൂട്ടാൻ രാജാവിനോടും നേപ്പാൾ പ്രധാനമന്ത്രിയോടും മോദി ഫോണിൽ സംസാരിച്ചതായാണ് വിവരം. എന്നാൽ ഇവർക്ക് സത്യപ്രതിജ്ഞ ചടങ്ങിലേക്ക് ക്ഷണം ഉണ്ടോയെന്ന് വ്യക്തമല്ല.

റഷ്യൻ പ്രസിഡൻറ് വ്ലാദിമിർ പുടിനും ഋഷി സുനക്കും മോദിയുമായി സംസാരിച്ചതായും റിപ്പോർട്ടുകൾ പുറത്ത് വരുന്നുണ്ട്.

## ബോയിങ് സ്റ്റാർലൈനറിന്റെ വിക്ഷേപണം വിജയം

**വാഷിങ്ടൻ:** നാസയുടെ ബഹിരാകാശ പേടകം ബോയിങ് സ്റ്റാർലൈനറിന്റെ വിക്ഷേപണം വിജയം. ഇന്ത്യൻ വംശജ സുനിത വില്യംസും ബുഷ് വിൽമോറുമാണ് സ്റ്റാർലൈനറിലെ ബഹിരാകാശ സഞ്ചാരികൾ. ഇന്ത്യൻ സമയം രാത്രി 8.30ന് ആയിരുന്നു വിക്ഷേപണം. നാളെ രാജ്യാന്തര ബഹിരാകാശ നിലയത്തിലെത്തും. പത്തു ദിവസത്തിനു ശേഷം സഞ്ചാരികൾ മടങ്ങിയെത്തും. സാങ്കേതിക തകരാറുകൾ കാരണം നിരവധി തവണ യാത്ര മുടങ്ങിയിരുന്നു.

മനുഷ്യരുമായി സ്റ്റാർലൈനർ നടത്തുന്ന ആദ്യ പരീക്ഷണ യാത്രയാണിത്. നാസയുടെ കൊമേഴ്സ്യൽ ക്രൂ പദ്ധതിയുടെ ഭാഗമായുള്ളതാണ് സ്റ്റാർലൈനർ വിക്ഷേപണം. ഇതോടെ ബഹിരാകാശത്തേക്കുള്ള പരീക്ഷണ ദൗത്യത്തിൽ പേടകം പറത്തുന്ന ആദ്യ വനിതയായി സുനിത വില്യംസ്. നിലവിൽ 322 ദിവസം സുനിത വില്യംസ് ബഹിരാകാശത്ത് ചെലവഴിച്ചിട്ടുണ്ട്. യുഎസ് നേവൽ അക്കാദമിയിൽ പഠിച്ചിറങ്ങിയ സുനിത വില്യംസ് 1998ലാണു നാസയുടെ ബഹിരാകാശസഞ്ചാരത്തിനു തിരഞ്ഞെടുക്കപ്പെട്ടത്. സുനിതയുടെ ആദ്യ യാത്ര 2006 ഡിസംബർ 9നായിരുന്നു.

## തകർച്ച മറികടന്ന് സൂചികകൾ

**കൊച്ചി:** തെരഞ്ഞെടുപ്പ് ഫലം വന്ന ദിവസത്തെ കനത്ത തകർച്ച മറികടന്ന് ഇന്ത്യൻ ഓഹരികൾ മുന്നേറ്റപാതയിലേക്ക് മടങ്ങിയെത്തി. സെൻസെക്സ് 2,303.19 പോയിൻറ് ഉയർന്ന് 74,382.24ൽ അവസാനിച്ചു. നിഫ്റ്റി 735.85 പോയിൻറ് നേട്ടത്തോടെ 22,620.35ൽ വ്യാപാരം പൂർത്തിയാക്കി. ബിജെപിക്ക് ഒറ്റയ്ക്ക് ഭൂരിപക്ഷമില്ലെങ്കിലും ഭരണ പ്രതിസന്ധിയുണ്ടാവില്ലെന്ന വിലയിരുത്തലിൽ നിക്ഷേപകർ പൂർവാധികം ശക്തിയോടെ വിപണിയിലേക്ക് തിരിച്ചെത്തി. പ്രീ പോൾ നിലവാരത്തിലേക്ക് ഓഹരി സൂചികകൾ മടങ്ങിയെത്തി. ബാങ്കിങ്, വാഹന മേഖലകളിലെ ഓഹരികളാണ് മുന്നേറ്റത്തിന് നേതൃത്വം നൽകിയത്. തെരഞ്ഞെടുപ്പ് ഫലം വന്ന ദിവസം വൻ തകർച്ച നേരിട്ട അദാനി ഗ്രൂപ്പ് കമ്പനികളുടെ ഓഹരികൾ അഞ്ച് ശതമാനം വില വർധന നേടി.

ഇൻഡസ് ഇൻഡ് ബാങ്ക്, എം ആൻഡ് എം, ടാറ്റ സ്റ്റീൽ, ആക്സിസ് ബാങ്ക്, എച്ച്ഡിഎഫ്സി ബാങ്ക്, ബജാജ് ഫിനാൻസ്, കൊട്ടക് ബാങ്ക് എന്നിവയാണ് പ്രധാനമായും നേട്ടമുണ്ടാക്കിയത്. സെൻസെക്സ്



3.2 ശതമാനവും നിഫ്റ്റി 3.36 ശതമാനവുമാണ് നേട്ടമുണ്ടാക്കിയത്.

നിഫ്റ്റിയിൽ എച്ച്ഡിഎഫ്സി ബാങ്ക്, എച്ച്യുഎൽ, ഐടിസി എന്നിവ നേട്ടത്തോടെ വ്യാപാരം ആരംഭിച്ചപ്പോൾ എൻടിപിസി, ഹിൻഡാൽകോ, എൽ ആൻഡ് ടി എന്നീ ഓഹരികൾ ഇടിഞ്ഞു. ബിഎസ്ഇ മിഡ്ക്യാപ് 0.8 ശതമാനവും ബിഎസ്ഇ സ്മോൾക്യാപ് സൂചിക 1.5 ശതമാനവും ഇടിഞ്ഞു. നിഫ്റ്റി എഫ്എംസിജി, ഐടി, മീഡിയ, ഫാർമ, പ്രൈവറ്റ് ബാങ്ക്, ഹെൽത്ത് കെയർ സൂചികകൾ നേട്ടത്തിലാണ്. നിഫ്റ്റി പിഎസ്യു ബാങ്ക്, മെറ്റൽ, റിയൽറ്റി, ഓയിൽ ആൻഡ് ഗ്യാസ്, കൺസ്യൂമർ ഡ്യൂറബിൾസ്, ബാങ്ക്, ഓട്ടോ, ഫിനാൻഷ്യൽ സർവീസസ് സൂചികകൾ നഷ്ടത്തിലാണ്.

മുന്നണി ഭരണം സുഗമമായി മുന്നോട്ടുപോകുമെന്ന സൂചനകളാണ് തുടക്കത്തിൽ ദൃശ്യമാകുന്നത്. അതിനാൽ സാമ്പത്തിക പരിഷ്കരണ നടപടികൾ കൂടുതൽ ശക്തമാക്കാൻ മൂന്നാം മോദി സർക്കാരിന് കഴിയുമെന്ന് നിക്ഷേപകർ പ്രതീക്ഷിക്കുന്നു.തെരഞ്ഞെടുപ്പ് ഫലത്തിൽ അടിതെറ്റിയ ബാങ്ക് ഓഹരികൾ നഷ്ടം ഒരുപരിധി വരെ നികത്തി നേട്ടമുണ്ടാക്കി. എച്ച്ഡിഎഫ്സി ബാങ്ക്, ബന്ധൻ ബാങ്ക്, ഇൻഡസ് ഇൻഡ് ബാങ്ക് എന്നിവയാണ് പ്രധാനമായും നേട്ടമുണ്ടാക്കിയത്. സ്വകാര്യ ബാങ്കുകളുടെ ഓഹരികൾ നിക്ഷേപ പ്രീതി നേടുകയാണെങ്കിലും പൊതുമേഖല ബാങ്കുകളിൽ കരുതലോടെയാണ് വ്യാപാരം നടക്കുന്നത്.എന്നാൽ മുന്നണി സമ്മർദങ്ങളെത്തുടർന്ന് ബിജെപിയും മോദിയും വിട്ടുവീഴ്ചകൾ ചെയ്യേണ്ടി വന്നാൽ വരും ദിവസങ്ങളിൽ വിപണിയിൽ കനത്ത ചാഞ്ചാട്ടം പ്രതീക്ഷിക്കാമെന്ന് വിദഗ്ധർ മുന്നറിയിപ്പ് നൽകുന്നു. സാമ്പത്തിക പരിഷ്കരണ നടപടികളിൽ മൂന്നാം മോദി സർക്കാർ പിന്നാക്കം പോകില്ലെന്ന പ്രതീക്ഷയിലാണ് നിക്ഷേപ സമൂഹം.






ലോക പരിസ്ഥിതി ദിനത്തിൽ കേരള പ്ലാസ്റ്റിക് മാനുഫാക്ചേഴ്സ് അസ്സോസിയേഷൻ(കെ.പി.എം.എ) ഫോർട്ട് കൊച്ചി ബീച്ചിന്റെ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച പൊതുയോഗം ബി.പി.സി.എൽ കൊച്ചി റിഫൈനറി അഡ്മിനസ്ട്രേറ്റീവ് മാനേജർ ടോം ജോസഫ് ഉദ്ഘാടനം ചെയ്യുന്നു. കെ.എ.രാജേഷ്, അൗര്യ കൈയിം, പി.ജെ. മാത്യു, ഷിഷിർ സിൻഹ, ജെ.സുനിൽ, പി.ജെ.ജോർജ്കുട്ടി, എം.എസ്.ജോർജ്, ഷാഹുൽ ഹമീദ് തുടങ്ങിയവർ സമീപം.




സിപെറ്റ് ഡയറക്ടർ ജനറൽ പ്രൊഫ. ഷിഷിർ സിൻഹ മുഖ്യ പ്രഭാഷണം നടത്തുന്നു. കെ.എ.രാജേഷ്, അൗര്യ കൈയിം, പി.ജെ.മാത്യു, ടോം ജോസഫ് , ജെ.സുനിൽ, പി.ജെ.ജോർജ്കുട്ടി, എം.എസ്.ജോർജ്, ഷാഹുൽ ഹമീദ് തുടങ്ങിയവർ സമീപം.

# ലോക പരിസ്ഥിതി ദിനം : കെ.പി.എം.എ ഫോർട്ട് കൊച്ചി ബീച്ച് ശുചീകരിച്ചു

കൊച്ചി: കേരള പ്ലാസ്റ്റിക് മാനുഫാക്ചേഴ്സ് അസ്സോസിയേഷന്റെ (കെ.പി.എം.എ) നേതൃത്വത്തിൽ ഫോർട്ട് കൊച്ചി,കോഴിക്കോട് ബീച്ചുകൾ ശുചീകരിച്ചു. ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ചാണ് കേരളത്തിലെ രണ്ട് പ്രമുഖ ബീച്ചുകളുടെ ശുചീകരണം കെ.പി.എം.എ നടത്തിയത്. ഫോർട്ട് കൊച്ചി വാസ്കോഡഗാമ സ്ക്വയറിൽ കെ.പി.എം.എ മധ്യമേഖല പ്രസിഡന്റ് പി.ജെ.ജോർജ്കുട്ടിയുടെ അധ്യക്ഷതയിൽ സംഘടിപ്പിച്ച പൊതുയോഗം ബി.പി.സി.എൽ കൊച്ചി റിഫൈനറി അഡ്മിനസ്ട്രേറ്റീവ് മാനേജർ ടോം ജോസഫ് ഉദ്ഘാടനം ചെയ്തു. വരും തലമുറയ്ക്കായി ഭൂമിയെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണെന്നും അതിനായി എല്ലാ ദിനത്തെയും പരിസ്ഥിതി ദിനമായി കണ്ട് ശുചീകര സംസ്കാരം വളർത്തണമെന്ന് മുഖ്യ പ്രഭാഷണം നിർവ്വഹിച്ച സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പെട്രോകെമിക്കൽസ് എൻജിനീയറിംഗ് ആന്റ് ടെക്നോളജി (സിപെറ്റ്) ഡയറക്ടർ ജനറൽ പ്രൊഫ. ഷിഷിർ സിൻഹ ആഹ്വാനം ചെയ്തു. ക്ലീൻ ഫോർട്ട് കൊച്ചി ഫൗണ്ടേഷൻ ചെയർപേഴ്സൺ അൗര്യ കൈയിം പരിസ്ഥിതി സന്ദേശം നൽകി. കെ.പി.എം.എ ഭാരവാഹികളായ ജെ.സുനിൽ, ഷാഹുൽ ഹമീദ്, എം.എസ്.ജോർജ്, മുഹമ്മദ് ഇർഫാൻ, പി.ജെ.മാത്യു, മുഹമ്മദ് താരിഹ്, ഇ.സന്തോഷ് കുമാർ തുടങ്ങിയവർ പ്രസംഗിച്ചു. ഫോർട്ട കൊച്ചിയിലെ ശുചീകരണ പ്രവർത്തനങ്ങൾക്ക് സിപെറ്റ് കൊച്ചി കാമ്പസിലെ വിദ്യാർത്ഥികളും, സന്നദ്ധപ്രവർത്തകരും പങ്കാളികളായി.



കേരള പ്ലാസ്റ്റിക് മാനുഫാക്ചേഴ്സ് അസ്സോസിയേഷന്റെ (കെ.പി.എം.എ) നേതൃത്വത്തിൽ സിപെറ്റിലെ വിദ്യാർത്ഥികൾ ഫോർട്ട് കൊച്ചി ബീച്ച് ശുചീകരിക്കുന്നു.

---




കെ.വി.വി.ഇ.എസ്. തേവര യൂത്ത് വിംഗിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ലോക പരിസ്ഥിതി ദിനാചരണവും വൃക്ഷതൈവിതരണവും യൂത്ത് വിംഗ് സംസ്ഥാന സെക്രട്ടറി പ്രദീപ് ജോസ് ഉദ്ഘാടനം ചെയ്യുന്നു. ചന്ദ്രകാന്ത് കമ്മത്ത്, അബ്ദുൾ റസാഖ്, ടോമി കാനാട്ട് ,ടെൻസൺ ജോർജ്, എ. ഹരിദാസ്, സാലി ജോൺ തുടങ്ങിയവർ സമീപം.

## ലോക പരിസ്ഥിതി ദിനം : കെ.വി.വി.ഇ.എസ് യൂത്ത് വിംഗ് വൃക്ഷതൈകൾ വിതരണം ചെയ്തു

**കൊച്ചി :** വ്യാപാരി വ്യവസായി ഏകോപന സമിതി തേവര യൂത്തിംഗിന്റെ ആഭിമുഖ്യത്തിൽ ലോക പരിസ്ഥിതി ദിനം ആചരിച്ചു. യൂത്ത് വിംഗ് യൂണിറ്റ് പ്രസിഡന്റ് ടെൻസൺ ജോർജിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെയും വൃക്ഷതൈ വിതരണത്തിന്റെയും ഉദ്ഘാടനം യൂത്ത് വിംഗ് സംസ്ഥാന സെക്രട്ടറി പ്രദീപ് ജോസ് നിർവ്വഹിച്ചു.

പരിസ്ഥിതി ദിന സെമിനാർ കെ.വി.വി.ഇ.എസ് തേവര യൂണിറ്റ് പ്രസിഡന്റ് ടോമി കാനാട്ട് ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ജനറൽ സെക്രട്ടറി അബ്ദുൽ റസാക്ക് മുഖ്യപ്രഭാഷണം നടത്തി.

യൂണിറ്റ് ട്രഷറർ ചന്ദ്രകാന്ത് കമ്മത്ത്, വനിതാ വിംഗ് പ്രസിഡന്റ് സാലി ജോൺ യൂണിറ്റ് വൈസ് പ്രസിഡന്റ് എ. ഹരിദാസ് യൂത്ത് വിംഗ് ഭാരവാഹികളായ റഷീദ് അബുബക്കർ,.ബിനു തേവര, ആർ.വി. പ്രേം എന്നിവരും പ്രസംഗിച്ചു.

# ഒരു മാസം നീണ്ടുനിൽക്കുന്ന പരിസ്ഥിതി ദിനാചരണത്തിന് തുടക്കമിട്ട് ഹോണ്ട

**കൊച്ചി:** ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ) ലോക പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച് ഒരുമാസം നീണ്ടുനിൽക്കുന്ന ആഘോഷ പരിപാടികൾക്ക് തുടക്കമിട്ടു. പരിസ്ഥിതി സുസ്ഥിരതയോടുള്ള പ്രതിബദ്ധത പ്രഖ്യാപിച്ച് നടത്തുന്ന ആഘോഷങ്ങൾക്ക് ഡെറാഡൂണിലെ സഫ്സൺ ഹോണ്ടയിൽ വൃക്ഷത്തൈ നടീൽ ചടങ്ങോടെയാണ് തുടക്കം കുറിച്ചത്. ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യയുടെ സെയിൽസ് ആൻഡ് മാർക്കറ്റിങ് ഡയറക്ടർ യോഗേഷ് മാത്തൂർ, കസ്റ്റമർ സർവീസ് എക്സിക്യൂട്ടീവ് കോർഡിനേറ്റർ തദാഷി മിഷിഗെ, കസ്റ്റമർ സർവീസ് ഓപ്പറേറ്റിങ് ഓഫീസർ ശിവപ്രകാശ് ഹിരേമത് എന്നിവർക്കൊപ്പം കമ്പനിയുടെ സീനിയർ പ്രതിനിധികളും ചടങ്ങിൽ പങ്കെടുത്തു. പരിസ്ഥിതി ദിനാചരണത്തിൻറെ ഭാഗമായി ഗ്രീൻ മൂവ്മെൻറിൽ പങ്കാളികളാകാൻ ഉപഭോക്താക്കളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഹോണ്ട ഡീലർഷിപ്പ് തലത്തിൽ ഒരു ലക്ഷം വൃക്ഷത്തൈകൾ ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിലായി ഹോണ്ടയുടെ നേതൃത്വത്തിൽ നട്ടുപിടിപ്പിക്കും. ജൂൺ മാസത്തിൽ ഡീലർഷിപ്പുകൾ സന്ദർശിക്കുന്ന എല്ലാ ഉപഭോക്താക്കൾക്കും എച്ച്എംഎസ്ഐ ഡീലർമാർ വൃക്ഷത്തൈകൾ വിതരണം ചെയ്യും. സൗജന്യ പിയുസി ചെക്ക്അപ്പ് ഡ്രൈവ്, വിജ്ഞാനപ്രദമായ ലഘുലേഖകളുടെ വിതരണം, ഇൻവോയ്സുകളിലും വാഹനങ്ങളിലും പരിസ്ഥിതി ബോധവൽക്കരണ സ്റ്റിക്കറുകൾ പതിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ എച്ച്എംഎസ്ഐയുടെ അംഗീകൃത മെയിൻ ഡീലർമാർ (എഎംഡി) ഈ ക്യാമ്പയിനിൽ സജീവ പങ്കാളികളാവും. പരിസ്ഥിതി സംരക്ഷണത്തിൻറെ പ്രാധാന്യം ഉയർത്തിക്കാട്ടി ഡീലർമാർ ഉപഭോക്താക്കൾക്ക് എസ്എംഎസ് സന്ദേശങ്ങളും അയക്കും.




# എയർപോർട്ട്‌ലിങ്ക്ഡ് ആനുകൂല്യങ്ങളോടെ ക്രെഡിറ്റ് കാർഡുമായി അദാനി വൺ ഐസിഐസിഐ ബാങ്ക് സഹകരണം

**കൊച്ചി:** അദാനി വണും ഐസിഐസിഐ ബാങ്കും ചേർന്ന് വിസയുമായുള്ള സഹകരണത്തോടെ എയർപോർട്ട്‌ലിങ്ക്ഡ് ആനുകൂല്യങ്ങളുള്ള ഇന്ത്യയിലെ ആദ്യ ക്രെഡിറ്റ് കാർഡ് അവതരിപ്പിച്ചു. മികച്ച ആനുകൂല്യങ്ങളും റിവാർഡുകളുമായി അദാനി വൺ ഐസിഐസിഐ ബാങ്ക് സിഗ്നേചർ ക്രെഡിറ്റ് കാർഡ്, അദാനി വൺ ഐസിഐസിഐ ബാങ്ക് പ്ലാറ്റിനം ക്രെഡിറ്റ് കാർഡ് എന്നീ രണ്ടു വേരിയൻറുകളാണ് ഉണ്ടാകുക.

ഫ്ളൈറ്റ്, ഹോട്ടൽ, ട്രെയിൻ, ബസ്, കാർ തുടങ്ങിയവ ബുക്കു ചെയ്യാൻ സൗകര്യമുള്ള അദാനി വൺ ആപ്പ്, അദാനി കൈകാര്യം ചെയ്യുന്ന വിമാനത്താവളങ്ങൾ, അദാനി സിഎൻജി പമ്പുകൾ, അദാനി വൈദ്യുത ബില്ലുകൾ, ട്രെയിൻമാൻ തുടങ്ങിയവയിൽ പരിധിയില്ലാതെ ഏഴു ശതമാനം അദാനി റിവാർഡ് പോയിൻറുകൾ ലഭിക്കും.

ഐസിഐസിഐ ബാങ്ക്, വിസ എന്നിവയുമായുള്ള പുതിയ സഹകരണത്തിലൂടെ ഉപഭോക്തൃ സംതൃപ്തി സംബന്ധിച്ച പുതിയ മാനദണ്ഡങ്ങളാവും ലഭ്യമാകുകയെന്ന് അദാനി ഗ്രൂപ്പ് ചെയർമാൻ ഗൗതം അദാനി പറഞ്ഞു. അദാനി വൺ പ്ലാറ്റ്ഫോം പ്രയോജനപ്പെടുത്തുന്നതിലൂടെ ഉപയോക്താക്കൾക്ക് സമാനതകളില്ലാത്ത സൗകര്യവും പ്രവേശനക്ഷമതയും ലഭ്യമാകും. അദ്ദേഹം കൂട്ടിച്ചേർത്തു.

അദാനി ഗ്രൂപ്പിൻറെ സേവനങ്ങളിലൂടെ ഉപഭോക്താക്കൾക്കു കൂടുതൽ ആനുകൂല്യങ്ങൾ പ്രദാനം ചെയ്യുന്നതും ബാങ്കിൻറെ ക്രെഡിറ്റ് കാർഡ് വിഭാഗത്തെ കൂടുതൽ ശക്തമാക്കുന്നതുമായിരിക്കും പുതിയ അവതരണമെന്ന് ഐസിഐസിഐ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ രാകേഷ് ഝാ പറഞ്ഞു.




അദാനി ഗ്രൂപ്പുമായും ഐസിഐസിഐ ബാങ്കുമായും പങ്കാളിത്തത്തിൽ തങ്ങൾ സന്തുഷ്ടരാണ്. വിസ ഇന്ത്യ, സൗത്ത് ഏഷ്യ ഗ്രൂപ്പ് കൺട്രി മാനേജർ സന്ദീപ് ഘോഷ് പറഞ്ഞു. വിസയുടെ വിശ്വസ്ത ശൃംഖലയും ലോകമെമ്പാടുമുള്ള സ്വീകാര്യതയും ഈ സഹകരണത്തിലൂടെ പ്രയോജനപ്പെടുത്താനാകും. ഓൺലൈനിലും ഓഫ്‌ലൈനിലും എലൈറ്റ് യാത്രയും ഷോപ്പിംഗ് അനുഭവവും നൽകുന്നു. ഭാവിയിൽ ഇത്തരം നിരവധി ഓഫറുകൾ തുടർന്നും സാധ്യമാക്കാൻ തങ്ങൾ ആഗ്രഹിക്കുന്നു. അദ്ദേഹം കൂട്ടിച്ചേർത്തു.

ഉപഭോക്താക്കൾക്ക് www.adanione.com ൽ കാർഡുകൾക്കായി അപേക്ഷിക്കാം. അദാനി വൺ ഐസിഐസിഐ ബാങ്ക് സിഗ്നേച്ചർ ക്രെഡിറ്റ് കാർഡിന് 9,000 രൂപയുടെ ജോയിനിംഗ് ആനുകൂല്യങ്ങൾക്കൊപ്പം 5,000 വാർഷിക ഫീസും അദാനി വൺ ഐസിഐസിഐ ബാങ്ക് പ്ലാറ്റിനം ക്രെഡിറ്റ് കാർഡിന് 5,000 രൂപയുടെ ആനുകൂല്യങ്ങളോടൊപ്പം 750 വാർഷിക ഫീസുമാണുള്ളത്.



# പരിസ്ഥിതിദിനാഘോഷവുമായി ടൊയോട്ട കിർലോസ്കർ മോട്ടോർ

**കൊച്ചി:** പരിസ്ഥിതി അവബോധം കൂടുതലാളുകളിലേക്കെത്തിക്കുന്നതിനും സുസ്ഥിരമായൊരു ഭാവി കെട്ടിപ്പടുക്കുന്നതിനുമായി ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ടൊയോട്ട കിർലോസ്കർ മോട്ടോർ (ടി.കെ.എം) 'ടൊയോട്ട പരിസ്ഥിതി മാസം' (ജൂൺ 2024) പ്രഖ്യാപിച്ചു. ടൊയോട്ട എൻവിയോൺമെൻ്റൽ ചലഞ്ച് 2050 ന്റെ ഭാഗമായി ദീർഘകാല അടിസ്ഥാനത്തിൽ വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്.

വനവൽക്കരണവും ജല പരിപാലനവും വഴി പ്രകൃതിയുടെ ആവാസവ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാൻ ശ്രദ്ധകേന്ദ്രീകരിച്ച് "ആഗോള നിലയിൽ നമ്പർ വണ്ണാവാൻ ഉത്തരവാദിത്തമുള്ള വിഭവ ഉപഭോഗത്തിനായി ഒന്നിക്കാം" എന്നതാണ് ഈ വർഷത്തെ പ്രമേയം.

ഈ മാസം സ്കൂളുകളിലെ പ്ലാന്റേഷൻ ഡ്രൈവുകൾ, പ്രാദേശിക തടാകം/കുളം എന്നിവയുടെ പുനരുജ്ജീവന പദ്ധതി, പ്രകൃതിദത്ത ആവാസ വ്യവസ്ഥകൾ സംരക്ഷിക്കാൻ ലക്ഷ്യമിട്ടുള്ള ശുചീകരണ പ്രവർത്തനങ്ങൾ എന്നിവയുൾപ്പെടെ നിരവധി പരിസ്ഥിതി പ്രവർത്തനങ്ങളാണ് ടി.കെ.എം ലക്ഷ്യമിടുന്നത്. സുസ്ഥിരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിനായി 'ടൊയോട്ട സ്വച്ഛ് അഭിയാൻ, "റാർ' (റീസൈക്ലിങ്ങ് ആസ് എ റസ്പോൺസിബിലിറ്റി ഉദാഹരണത്തിന് ഓഫീസ് യൂണിഫോം റീസൈക്ലിംഗ്) ടൊയോട്ട ഇക്കോ ക്ലബ്, ഇക്കോ ഫാമിലി വാക്ക് (ഇക്കോ സോൺ) തുടങ്ങിയ പ്രവർത്തനങ്ങളും ഈ മാസം മുഴുവൻ ആസൂത്രണം ചെയ്യുന്നുണ്ട്.

# പരിസ്ഥിതി ദിനാഘോഷം

**കൊച്ചി:** പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി കളമശ്ശേരി നിയോജകമണ്ഡലത്തിന് കീഴിലുള്ള കളമശ്ശേരി, ഏലൂർ മുൻസിപ്പാലിറ്റി പ്രദേശങ്ങളിൽ പച്ചക്കറിതൈക്കൾ വിതരണം ചെയ്തു. ഹരിത കളമശ്ശേരി എന്ന പദ്ധതിയുടെ ഭാഗമായി കളമശ്ശേരി പൗരസമിതിയുടെയും എൻ എ എം കെ ഫൗണ്ടേഷന്റെയും ആഭിമുഖ്യത്തിലാണ് പച്ചക്കറി തൈകൾ വിതരണം ചെയ്തത്. കളമശ്ശേരി വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ നടന്ന ചടങ്ങിൽ കളമശ്ശേരി മുൻസിപ്പൽ ചെയർമാൻ ശ്രീമതി സീമ കണ്ണൻ പച്ചക്കറിതൈകളുടെ വിതരണോദ്ഘാടനം നിർവഹിച്ചു. കളമശ്ശേരി പൗരസമിതി പ്രസിഡന്റ് എൻ എ മുഹമ്മദ് കുട്ടി മുഖ്യപ്രഭാഷണം നടത്തി. നമ്മുടെ ഭാവി തലമുറക്ക് വേണ്ടി പരിസ്ഥിതിയെ സംരക്ഷിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണെന്ന് ചടങ്ങിൽ സംസാരിച്ച എൻ എ മുഹമ്മദ് കുട്ടി പറഞ്ഞു. നമ്മുടെ പൂർവ്വികർ ചെയ്ത നന്മപ്രവർത്തിയുടെ ഫലമാണ് നമ്മൾ ഇപ്പോൾ അനുഭവിക്കുന്ന സുഖസൗകര്യങ്ങളെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. ഏലൂർ സെന്റ് ആൻസ് സ്കൂളിൽ നടന്ന ചടങ്ങിൽ പച്ചക്കറിതൈകൾ വിതരണം ചെയ്തു. സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ സൂസി ചോലങ്കേരി ചടങ്ങിൽ സംസാരിച്ചു. ഏലൂർ മുൻസിപ്പാലിറ്റിയിലെ 10, 11, 13, 16 വാർഡുകളിലും പച്ചക്കറിതൈകൾ വിതരണം ചെയ്തു. വാർഡ് മെമ്പർമാരായ കുമാരി സരസൻ, അയൂബ് ഖാൻഎൽഡ ഡിക്രൂസ, ആശവർക്കർ ലിൻഡ, ഡിവൈഎഫ്ഐ യൂണിറ്റ് സെക്രട്ടറി ഷാരോൺ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്ത് സംസാരിച്ചു.





# ലെ ട്രാവന്യൂസ് ടെക്നോളജി ലിമിറ്റഡ് ഐപിഒ ജൂൺ 10 മുതൽ

**കൊച്ചി:** ലെ ട്രാവന്യൂസ് ടെക്നോളജി ലിമിറ്റഡിൻറെ (ഇക്സിഗോ) പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2024 ജൂൺ 10 മുതൽ 12 വരെ നടക്കും. 120 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള ഓഹരി ഉടമകളുടെ 66,677,674 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഒരു രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 88 രൂപ മുതൽ 93 രൂപവരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 161 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 161 ൻറെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.

ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ഡിഎഎം ക്യാപ്പിറ്റൽ അഡ്വൈസേഴ്സ് ലിമിറ്റഡ്, ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ .

# ബിഎൻസി മോട്ടോഴ്സ് ആലപ്പുഴയിൽ ഡീലർഷിപ്പ് ആരംഭിച്ചു

**ആലപ്പുഴ:** കോയമ്പത്തൂർ ആസ്ഥാനമായ ഇലക്ട്രിക് മോട്ടോർ സൈക്കിൾ നിർമാതാക്കളായ ബിഎൻസി മോട്ടോഴ്സിന്റെ പുതിയ ഡീലർഷിപ്പ് ആലപ്പുഴയിൽ പ്രവർത്തനമാരംഭിച്ചു. ബിഎൻസി മോട്ടോഴ്സ് ഡീലർമാരായ സിനർജി ഇവിയുടെ പുതിയ ഷോറൂം ചന്തിരൂരിൽ മിഷൻ ഹോസ്പിറ്റലിനു എതിർവശത്തെ അറഫ ബിൽഡിങിൽ സിനിമാ താരം ജുവൽ മേരി, സംവിധായകൻ ശിവൻ അമ്പാട്ട്, സംഗീത സംവിധായകൻ ജോജി തോമസ് എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. ദക്ഷിണേന്ത്യയിൽ വിപണി സാന്നിധ്യം വിപുലീകരിക്കുന്നതിന്റെ ഭാഗമാണ് പുതിയ ഡീലർഷിപ്പിന് ആലപ്പുഴയിൽ തുടക്കമിട്ടത്.

കേരളത്തിൽ രണ്ടാമത്തെ ഡീലർഷിപ്പ് തുറക്കാനായതിൽ സന്തോഷമുണ്ടെന്ന് ബിഎൻസി മോട്ടോഴ്സ് പ്രൈവറ്റ് ലിമിറ്റഡ് സിഇഒ അരുദ്ധ് രവി നാരായൺ പറഞ്ഞു. സിനർജി ഇവി ഷോറൂം എല്ലാ ദിവസവും രാവിലെ 9 മുതൽ രാത്രി 9 വരെ പ്രവർത്തിക്കും.




# നിസാൻ മെയ് മാസത്തിൽ 6204 വാഹനങ്ങൾ വിറ്റഴിച്ചു

**കൊച്ചി :** നിസാൻ മോട്ടോർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് മെയ് മാസത്തിൽ 6204 വാഹനങ്ങൾ വിറ്റഴിച്ചു. ഏപ്രിലിൽ ഇത് 3043 യൂണിറ്റുകൾ ആയിരുന്നു. 2023 മെയ് മാസത്തെ വിൽപ്പനയുമായി താരതമ്യപ്പെടുത്തുമ്പോൾ, നിസ്സാൻ മോട്ടോർ ഇന്ത്യ 34% വളർച്ച രേഖപ്പെടുത്തി.
2023 മെയ് മാസത്തിൽ 4631 യൂണിറ്റുകളിൽ നിന്ന് 2024 മെയ് മാസത്തിൽ 6204 യൂണിറ്റുകളായി ഉയർന്നു. മെയ് മാസം ആഭ്യന്തര വിപണിയിൽ 2211 വാഹനങ്ങൾ വിറ്റഴിച്ചപ്പോൾ 3993 വാഹനങ്ങൾ കയറ്റുമതി ചെയ്യുകയായിരുന്നു .

ടീമിന്റെ ശുഭാപ്തിവിശ്വാസവും കഠിനമായ പരിശ്രമവും ഞങ്ങളുടെ വളർച്ചയെ നയിക്കുന്നതിൽ നിർണായക പങ്ക് വഹിച്ചുവെന്ന് നിസാൻ മോട്ടോർ ഇന്ത്യ മാനേജിംഗ് ഡയറക്ടർ സൗരഭ് വത്സ പറഞ്ഞു.



കെഎംഎയുടെ ഈ വർഷത്തെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം കെൽട്രോൺ മാനേജിംഗ് ഡയറക്ടർ ശ്രീകുമാർ നായർ നിർവഹിക്കുന്നു.ദിലീപ് നാരായണൻ, കെ. ഹരികുമാർ, എ. ബാലകൃഷ്ണൻ, ബിബു പുന്നൂരാൻ, വേണുഗോപാൽ സി ഗോവിന്ദ്, ഡോ. അനിൽ ജോസഫ്, അനിൽ വർമ്മ, അൾജിയേഴ്സ് ഖാലിദ് എന്നിവർ സമീപം.

# കെ എം എ ഭാരവാഹികൾ ചുമതലയേറ്റു

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ (കെ എം എ)യുടെ അറുപത്തിയേഴാമത് പ്രസിഡന്റായി ബിബു പുന്നൂരാൻ ചുമതലയേറ്റു. കെഎംഎയുടെ ഇ വർഷത്തെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം കെൽട്രോൺ മാനേജിംഗ് ഡയറക്ടർ ശ്രീകുമാർ നായർ നിർവഹിച്ചു. താജ് വിവാന്തയിൽ നടന്ന ചടങ്ങിൽ കൊച്ചി ഭാരതീയ വിദ്യാഭവൻ ചെയർമാനും വർമ്മ ആൻഡ് വർമ്മ മുൻ മാനേജിംഗ് പാർട്ണറുമായ വേണുഗോപാൽ സി ഗോവിന്ദ് വിശിഷ്ടാതിഥിയായിരുന്നു.

പ്രൊഫഷണൽ കഴിവിൽ ഒരിക്കലും വിട്ടുവീഴ്ച ചെയ്യരുതെന്ന് ശ്രീകുമാർ നായർ പറഞ്ഞു. സുതാര്യവും നിഷ്പക്ഷവുമായി പ്രവർത്തിച്ചാൽ മാനേജ്മെന്റ് തലത്തിൽ പ്രവർത്തിക്കുന്ന ഏതൊരാൾക്കും ജീവനക്കാരുടെ അംഗീകാരം ലഭിക്കും. സഹിഷ്ണുതയോടെ കാര്യങ്ങൾ കൈകാര്യം ചെയ്യണം. വെല്ലുവിളികളെ തുറന്ന മനസോടെ നേരിടണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. സ്വയം മാറാൻ തയാറാകുന്ന ഒരാൾക്കേ ഒരു മികച്ച മാനേജരാകാൻ കഴിയൂ. ജീവനക്കാരുടെ പ്രശ്നങ്ങൾക്കും ബുദ്ധിമുട്ടുകൾക്കും ചെവികൊടുക്കുക എന്നതാണ് നിർദേശങ്ങൾ അടിച്ചേൽപ്പിക്കുന്നതിനേക്കാൾ നല്ലത്. നിർദേശങ്ങളോട് എപ്പോഴും തുറന്ന മനസ് ഉണ്ടായിരിക്കണമെന്നും ശ്രീകുമാർ നായർ പറഞ്ഞു.

വാണിജ്യ, വ്യവസായ മേഖലയിലെ എല്ലാ തലങ്ങളിലേക്കും കടന്നുചെല്ലാൻ കെഎംഎയ്ക്ക് കഴിഞ്ഞുവെന്ന് വേണുഗോപാൽ സി ഗോവിന്ദ് ചൂണ്ടിക്കാട്ടി.

കെഎംഎ പ്രസിഡന്റ് ബിബു പുന്നൂരാൻ അധ്യക്ഷത വഹിച്ചു. സീനിയർ വൈസ് പ്രസിഡന്റ് കെ. ഹരികുമാർ സ്വാഗതം പറഞ്ഞു. സെക്രട്ടറി ഡോ. അനിൽ ജോസഫ്, ട്രഷറർ ദിലീപ് നാരായണൻ, മുൻ പ്രസിഡന്റ് എ ബാലകൃഷ്ണൻ, വൈസ് പ്രസിഡണ്ട് അൾജിയേഴ്സ് ഖാലിദ് ,ജോയിന്റ് സെക്രട്ടറി അനിൽ വർമ്മ എന്നിവർ പ്രസംഗിച്ചു. കെഎംഎ യുടെ ഈ വർഷത്തെ 55 പ്രോഗ്രാമുകളും ചടങ്ങിൽ അവതരിപ്പിച്ചു. 32 അംഗ മാനേജിംഗ് കമ്മിറ്റിയും ചുമതലയേറ്റെടുത്തു.

# ഇന്ത്യൻ ഫ്ലോമീറ്റർ നിർമ്മാതാവായ അഡെപ്റ്റ് ഫ്ലൂയിഡൈൻ യോകോഗാവ ഏറ്റെടുക്കുന്നു

**കൊച്ചി:** ഇന്ത്യയിലെ ഫ്ലോമീറ്ററുകളുടെ ഏറ്റവും വലിയ നിർമ്മാതാക്കളിൽ ഒരാളായ അഡെപ്റ്റ് ഫ്ലൂയിഡൈൻ പ്രൈവറ്റ് ലിമിറ്റഡിന്റെ (അഡെപ്റ്റ്)ഏറ്റെടുക്കൽ നടപടികൾ മാതൃകമ്പനിയായി ജപ്പാനിലെ യോകോഗാവ ഇലക്ട്രിക് കോർപ്പറേഷൻ പൂർത്തിയാക്കിയതായി യോകോഗാവ ഇന്ത്യ ലിമിറ്റഡ് 2024 മെയ് 31ന് പ്രഖ്യാപിച്ചു. യോകോഗാവ ഇലക്ട്രിക്ജപ്പാൻ വൈസ് പ്രസിഡന്റ് ,ദക്ഷിണേഷ്യ റീജിയണൽ ചീഫ് എക്സിക്യൂട്ടീവ് & മാനേജിംഗ് ഡയറക്ടർ സജീവ് നാഥും അഡെപ്റ്റ് ഫ്ലൂയിഡൈൻ പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ വിനായക് ഗാദ്രെയും പ്രഖ്യാപന ചടങ്ങിൽ പങ്കെടുത്തു.



# ജെഎം ഫിനാൻഷ്യൽ ചെറുകിട ഫണ്ടുകൾ വിപണിയിലിറക്കി

**കൊച്ചി .** മ്യൂചൽ ഫണ്ട് രംഗത്തെ പ്രമുഖരായ ജെഎം ഫിനാൻഷ്യൽ മ്യൂചൽ ഫണ്ട് പുതിയ സ്മോൾ കാപ് ഫണ്ടുകൾ (എൻഎഫ്ഒ) വിപണിയിലിറക്കി. ചെറുകിട ഓഹരികളിൽ നിക്ഷേപം നടത്തുന്നതിനുള്ള ഇക്വിറ്റി പദ്ധതിയാണിത്. ജൂൺ 10 വരെ പുതിയ ഫണ്ടുകൾ വാങ്ങാൻ കഴിയും.

ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ വളർച്ചയിൽ നിന്നു നേട്ടമുണ്ടാക്കുന്ന, മികച്ച കമ്പനികളിൽ നിക്ഷേപിക്കുകയാണ് ഫണ്ടിന്റെ ലക്ഷ്യം. ഓഹരികളുടെ തെരഞ്ഞെടുപ്പും പോർട്ഫോളിയോ നിർമ്മാണവും റിസിക് മാനേജ്മെന്റിനുള്ള കുറ്റമറ്റ സംവിധാനവും ഇതിന്റെ പ്രത്യേകതയാണ്. ഓഹരികളുടെ തെരഞ്ഞെടുപ്പിൽ കോർപറേറ്റ് ഭരണം, മാനേജ്മെന്റ് നിലവാരം, നടത്തിപ്പ് എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കും. ഇക്വിറ്റി നിക്ഷേപ, ഗവേഷണ മേഖലകൽ 130 വർഷത്തിലേറെ പരിചയവും വൈദഗ്ദ്യവുമുള്ള സംഘമാണ് ജെഎം ഫിനാൻഷ്യൽ മ്യൂചൽ ഫണ്ടിലുള്ളത്.

ഹ്രസ്വ കാലയളവിൽ അസ്ഥിരത പ്രകടിപ്പിക്കാറുണ്ടെങ്കിലും ദീർഘ കാലാടിസ്ഥാനത്തിൽ സമ്പത്ത് സൃഷ്ടിക്കുന്നതിൽ മുൻപന്തിയിലാണ് ചെറുകിട ഓഹരികളെന്നും ഈ പ്രക്രിയ പ്രയോജനപ്പെടുത്തുന്നതിനാണ് ജെഎമ്മിന്റെ പുതിയ ഫണ്ടുകൾ ലക്ഷ്യമിടുന്നതെന്നും ജെഎം ഫിനാൻഷ്യൽ അസെറ്റ് മാനേജ്മെന്റ് ഇക്വിറ്റി സിഐഒ സതീഷ് രാമനാഥൻ പറഞ്ഞു. 7 വർഷത്തിലേറെ കാല ദൈർഘ്യമുള്ള നിക്ഷേപത്തിൽ നിഫ്റ്റി സ്മോൾ കാപ് 250 സൂചിക നഷ്ടം രേഖപ്പെടുത്തിയ ചരിത്രമില്ല. ഇന്ത്യൻ സമ്പദ് വ്യവസ്ഥ ആഗോള വളർച്ചയിൽ കുതിപ്പു നടത്തുമ്പോൾ ആഭ്യന്തര അടിത്തറയുള്ള ചെറുകിട ഓഹരികൾക്കാണ് അതിന്റെ പ്രയോജനം കാര്യമായി ലഭിക്കുക.

പ്രത്യേക ആസ്തി വിഭാഗത്തിൽ ദീർഘ കാല നേട്ടം ഉറപ്പുള്ളപ്പോൾ മാത്രം എൻഎഫ് ഒ ഇറക്കുകയാണ് നയമെന്ന് ചടങ്ങിൽ സംസാരിച്ച ജെഎം ഫിനാൻഷ്യൽ അസെറ്റ് മാനേജ്മെന്റ് ലിമിറ്റഡ് എംഡിയും സിഇഒയുമായ അമിതാഭ് മൊഹന്തി പറഞ്ഞു.



# പരിസ്ഥിതി ദിനം ആചരിച്ചു

**കൊച്ചി:** ലോക പരിസ്ഥിതി ദിനത്തോടനുബഹന്ധിച്ചു ബി.എസ്.എൻ.എൽ റെക്രീയേഷൻ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പരിസ്ഥിതി ദിനം ആചരിച്ചു.

പ്രിൻസിപ്പൽ ജനറൽ മാനേജർ വി. സുരേന്ദ്രൻ ഐ.ടി.എസ്., കൊച്ചി ബി.എസ്.എൻ.എൽ ഭവൻ അങ്കണത്തിൽ വൃക്ഷതൈകൾ നട്ട് പരിസ്ഥിതി ദിനാചാരണം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. ജോയിന്റ് ജനറൽ മാനേജർ എസ്. കെ. രാജീവ്, ഡെപ്യൂട്ടി ജനറൽ മാനേജർമാരായ അനിത കെ, ലത കെ, ദീപ പി. സി, ജയശ്രീ സുരേഷ് തുടങ്ങിയവർ പങ്കെടുത്തു.

# ഔഷധ ഉദ്യാനം നിർമ്മിച്ചു

**കോലഞ്ചേരി :** ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് 'ഭാരതീയ വിജ്ഞാനം സമൂഹത്തിലേക്ക് എന്ന ലക്ഷ്യവുമായി സെന്റ് പീറ്റേഴ്സ്കോളേജിൽ ഔഷധ ഉദ്യാനം നിർമ്മിച്ചു. കോളേജ് പ്രിൻസിപ്പാൾ ഡോ. ബിനൂജജോസഫ് ഔഷധസസ്യം നട്ട് ഉദ്യാന നിർമ്മാണത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. ഔഷധ സസ്യങ്ങളെ തിരിച്ചറിയുവാനും അവയുടെ ഔഷധ മൂല്യ ങ്ങൾ മനസ്സിലാക്കുന്നതിനും ആയൂർവേദം ജീവിത ചര്യയുടെ ഭാഗമാക്കുന്നതിന്റെ പ്രാധാന്യത്തെ കുറിച്ചും കോർഡിനേറ്റർ. കെ.എസ് ഗ്രേസി , ശ്രീ. ശ്രീനിവാസൻ, ബിന്ദു ബി തുടങ്ങിയവർ സംസാരിച്ചു.



കേരളത്തിലെ എൻഡിഎയുടെ വിജയ ആഘോഷം തൃശൂരിൽ കൂടിയ സ്റ്റേറ്റ് എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംസ്ഥാന പ്രസിഡന്റ് അഡ്വ. റോയ് വരിക്കാട്ട് കേക്ക് മുറിച്ചു തൃശൂർ ജില്ലാ പ്രസിഡന്റ് ശശി പുളിക്കലിന് നൽകുന്നു

# നാലാം ലോകകേരള സഭയിൽ 103 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ

**തിരുവനന്തപുരം:** ജൂൺ 13 മുതൽ 15 വരെ തിരുവനന്തപുരത്ത് ചേരുന്ന നാലാം ലോക കേരള സഭയിൽ 103 രാജ്യങ്ങളിൽ നിന്നും, 25 ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും പ്രവാസികേരളീയ പ്രതിനിധികൾ പങ്കെടുക്കും. 200ഓളം പ്രത്യേക ക്ഷണിതാക്കളും ഇത്തവണ സഭയിൽ പങ്കെടുക്കുന്നുണ്ട്. ഇതുവരെ ലഭിച്ച 760 അപേക്ഷകരിൽ നിന്നാണ് അർഹരായവരെ തെരഞ്ഞെടുക്കുന്നത്. അംഗങ്ങളുടെ ലിസ്റ്റ് അന്തിമ ഘട്ടത്തിലാണ്.

മൂന്നാം ലോക കേരള സഭയിലെ നിർദ്ദേശപ്രകാരം രൂപീകരിച്ച ലോക കേരളം ഓൺലൈൻ പോർട്ടൽ, കേരള മൈഗ്രേഷൻ സർവ്വേ എന്നിവയുടെ പ്രകാശനം മുഖ്യമന്ത്രി പിണറായി വിജയൻ ജൂൺ 13 ന് നിർവ്വഹിക്കും. കേരള നിയമസഭ സ്പീക്കർ എ. എൻ. എംസീർ ചടങ്ങിൽ അധ്യക്ഷത വഹിക്കും. മൈഗ്രേഷൻ സർവ്വേയുടെ ഭാഗമായുള്ള സെമിനാറും തുടർന്ന് ചേരും. ജൂൺ 13 ന് വൈകുന്നേരം നിശാഗന്ധി ആഡിറ്റോറിയത്തിൽ നടക്കുന്ന പൊതുയോഗത്തോടെയാണ് ലോകകേരള സഭയുടെ നാലാം സമ്മേളനത്തിന് ഔദ്യോഗികമായി തുടക്കമാകുക.

എമിഗ്രേഷൻ കരട് ബിൽ 2021, വിദേശ റിക്രൂട്ട്മെൻറ് പ്രോഗ്രാമുകൾ, സുസ്ഥിര പുനരധിവാസം നൂതന ആശയങ്ങൾ, കുടിയേറ്റത്തിലെ ദുർബലകണ്ണികളും സുരക്ഷയും, നവ തൊഴിൽ അവസരങ്ങളും നൈപുണ്യ വികസനവും, കേരള വികസനം നവ മാതൃകകൾ, വിദേശ രാജ്യങ്ങളിലെ മാറുന്ന തൊഴിൽകുടിയേറ്റ നിയമങ്ങളും മലയാളി പ്രവാസവും, വിജ്ഞാന സമ്പദ്ഘടനയിലേക്കുള്ള പരിവർത്തനവും പ്രവാസികളും എന്നിങ്ങനെ എട്ട് വിഷയങ്ങളിൽ അവതരണങ്ങൾ നടക്കും. ഇതിനോടൊപ്പം ഏഴു മേഖലാ അടിസ്ഥാനത്തിലുള്ള ചർച്ചകളും സംഘടിപ്പിക്കുന്നുണ്ട്.

# അറിവും നൈപ്യണ്യവും വ്യവസായ രംഗത്ത് വിപ്ലവം സൃഷ്ടിക്കുന്നു: പിണറായി വിജയൻ

**തിരുവനന്തപുരം:**നാലാം വ്യവസായ വിപ്ലവത്തിന്റെ കാലത്ത് അറിവും നൈപുണ്യവും അവയുടെ സംയോജനവും നമ്മുടെ സമ്പദ് വ്യവസ്ഥകളിലും സമൂഹത്തിലും വിപ്ലവം സൃഷ്ടിക്കുന്നുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ കെ ഡിസ്കിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച എംപ്ലോയേഴ്സ് കോൺക്ലേവ് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

ആഗോള വ്യവസായ രംഗത്തെ ഈ പരിവർത്തന ഘട്ടത്തിൽ നമ്മുടെ സംസ്ഥാനത്തെ ഒരു വിജ്ഞാന സമ്പദ് വ്യവസ്ഥയായി നവീകരിച്ചുകൊണ്ട് മുന്നോട്ട് കൊണ്ടുപോകാൻ സംസ്ഥാന സർക്കാർ ശ്രമിക്കുകയാണ്. ലോകമെമ്പാടുമുള്ള ജോലികൾക്കായി യുവജനങ്ങളുടെ കഴിവുകളെ സജ്ജരാക്കുന്ന പ്രവർത്തനമാണ് നടക്കുന്നത്.

ഈ ലക്ഷ്യത്തോടെയാണ് കേരള നോളജ് ഇക്കണോമി മിഷൻ (കെ കെ ഇ എം) രൂപീകരിച്ചത്. സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ യുവാക്കൾക്ക് 20 ലക്ഷം തൊഴിലവസരങ്ങൾ നൽകാനാണ് കെ കെ ഇ എം ഉദ്ദേശിക്കുന്നത്. കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലിനാണ് (കെഡിസ്ക്) ഇതിന്റെ നടത്തിപ്പ് ചുമതല.

പ്രാദേശികമായി ഗണ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും സംസ്ഥാനത്തിനകത്തും രാജ്യത്തിനകത്തും ലോകമെമ്പാടുമുള്ള തൊഴിലവസരങ്ങൾ സുഗമമാക്കുകയും ചെയ്യുന്നതിനാണ് കേരള നോളജ് ഇക്കണോമി മിഷൻ വിഭാവനം ചെയ്തിരിക്കുന്നത്.

കഴിഞ്ഞ രണ്ട് വർഷമായി, വിജ്ഞാനാധിഷ്ഠിത തൊഴിലവസരങ്ങൾ നേരിട്ടും പങ്കാളികൾ മുഖേനയും നൽകുന്നതിന് മിഷൻ പ്രവർത്തിച്ചു. ഇതിനകം 1,10,000ത്തിലധികം തൊഴിൽ ഇത്തരത്തിൽ ലഭ്യമാക്കാൻ കഴിഞ്ഞു. ഇതിൽ ഏകദേശം 37,000 എണ്ണം ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (ഡി ഡബ്ല്യു എം എസ്) വഴി നേരിട്ടുള്ളവയാണ്.

റിക്രൂട്ട്, ട്രെയിൻ, ഡിപ്ലോയ് (ഞാഉ) മോഡലിന് തൊഴിലന്വേഷകർക്കിടയിൽ വലിയ സ്വീകാര്യതയുണ്ടെന്ന് അനുഭവങ്ങൾ സൂചിപ്പിക്കുന്നു. ഈ മോഡലിന് കീഴിൽ ഓഫർ ലെറ്ററുകൾ മുൻകൂട്ടി നൽകുന്നത് തൊഴിലന്വേഷകർക്ക് സുരക്ഷിതത്വം ഉറപ്പ് നൽകുന്നു.

നൈപുണ്യ പരിശീലനവുമായി ഈ മാതൃക സംയോജിപ്പിക്കുന്നത് അവരുടെ ഭാവി ആവശ്യങ്ങൾക്കു സഹായിക്കും. തൊഴിൽ നൈപുണ്യമുള്ള വിദഗ്ദ്ധരായ ജീവനക്കാരെ ലഭിക്കാനുള്ള അവസരങ്ങൾ തൊഴിൽ ദാതാവിനെ സഹായിക്കുന്നു.

ആർ ടി ഡി മോഡലിന്റെ സാധ്യതകൾ തിരിച്ചറിഞ്ഞ്, പങ്കാളികളുമായി വിപുലമായ ചർച്ചകളിൽ ഏർപ്പെടുന്നതിനുള്ള അവസരം കോൺക്ലേവ് നൽകുന്നു

ഈ മാതൃകയുടെ വിപുലമായ നടപ്പാക്കലിനായി സ്ഥാപനങ്ങളുമായി നേരിട്ട് സഹകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പുതിയ മോഡലിനെ കുറിച്ച് വ്യവസായ മേഖലയിൽ നിന്ന് ഉൾക്കാഴ്ചകൾ ലഭിക്കുന്നതിനായി കെഡിസ്കും സിഐഐയുമായി സഹകരിച്ച് ഏഴ് ഇൻഡസ്ട്രി റോഡ് ഷോകൾ രാജ്യത്തുടനീളമുള്ള വിവിധ നഗരങ്ങളിൽ നടത്തിയിട്ടുണ്ട്. വളരെ മികച്ച പ്രതികരണങ്ങളാണ് ഇൻഡസ്ട്രി വിഭാഗത്തിൽ നിന്ന് ഇതുവരെ ലഭിച്ചത്.

വിവിധ ആർ ടി ഡി പ്രോഗ്രാമുകൾ വാഗ്ദാനം ചെയ്യുന്നതിൽ കെഡിസ്കുമായി സഹകരിക്കുന്ന സ്ഥാപനങ്ങൾ, പങ്കാളികൾ എന്നിവരുമായുള്ള കരാറുകൾ ഔപചാരികമാക്കുന്നതിന്റെ ഭാഗമായി കൂടിയാണ് കോൺക്ലേവ് സംഘടിപ്പിച്ചിരിക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. വിവിധ സ്ഥാപനങ്ങളുമായുള്ള ധാരാണപത്രം കൈമാറ്റവും മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ നടന്നു.

# വികസനവും പാരിസ്ഥിതിക സുസ്ഥിരതയും സന്തുലിതമാകണം: മുഖ്യമന്ത്രി

**തിരുവനന്തപുരം:** പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വികസന പ്രവർത്തനങ്ങളാകണം പുതിയ കാലത്ത് വേണ്ടതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തിരുവനന്തപുരം മാസ്കോട്ട് ഹോട്ടലിൽ നടന്ന ലോക പരിസ്ഥിതി ദിനാചരണം സംസ്ഥാന തല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. കാലാവസ്ഥാ വ്യതിയാനത്തെ തുടർന്നുണ്ടായ പ്രകൃതി ദുരന്തങ്ങളുടെ പാഠങ്ങൾ നമുക്ക് മുന്നിലുണ്ട്. കടുത്ത വരൾച്ചയും വെള്ളപ്പൊക്കവുമടക്കമുള്ള ദുരന്തങ്ങൾ സംസ്ഥാനത്തിന് നേരിടേണ്ടി വന്നു. ഈ പശ്ചാത്തലത്തിൽ കാലാവസ്ഥാ വ്യതിയാനത്തെതുടർന്നുണ്ടാകുന്ന പ്രതിഭാസങ്ങൾ നേരിടുന്നതിനുള്ള മുന്നൊരുക്കങ്ങൾ, പദ്ധതികൾ, നയങ്ങൾ എന്നിവയെക്കുറിച്ച് സർക്കാരിന് വ്യക്തമായ കാഴ്ചപ്പാടുണ്ട്. ഇതിനായി കാലാവസ്ഥ വ്യതിയാന കർമപദ്ധതി രൂപരേഖ നവീകരിച്ചു.

കൃഷി, മൃഗസംരക്ഷണം, ജലം, മത്സ്യബന്ധനം, ടൂറിസം തുടങ്ങിയ മേഖലകൾക്കാണ് ഈ വർഷത്തെ പരിസ്ഥിതി ദിനം പ്രാമുഖ്യം നൽകുന്നത്. പാരിസ്ഥിതിക സുസ്ഥിര വികസന പ്രവർത്തനങ്ങൾക്കാണ് നാം മുൻഗണന നൽകേണ്ടത്. വികസന പ്രവർത്തനങ്ങളുടെ ഭാഗമായുണ്ടാകുന്ന പാരിസ്ഥിതിക ആശങ്കകൾ ജനപങ്കാളിത്തത്തോടെ പരിഹരിക്കണം. ഹരിത ഗൃഹവാതക ബഹിർഗമനം ഇന്ന് നേരിടുന്ന ഗുരുതര പ്രശ്നമാണ്. ഗതാഗതം, വ്യവസായം, അശാസ്ത്രീയ മാലിന്യ സംസ്കരണം എന്നിവ പ്രശ്നത്തെ രൂക്ഷമാക്കുന്നു.

എന്നാൽ 2050 ഓടെ കാർബൺ ന്യൂട്രൽ കേരളം എന്ന നേട്ടത്തിലേക്കെത്താനാണ് സംസ്ഥാനം ശ്രമിക്കുന്നത്. കാർബൺ സംഭരണികളുടെ എണ്ണം വർധിപ്പിച്ചും സംസ്ഥാനത്തെ കാർബൺ വിശദാംശങ്ങൾ ഉൾപ്പെടുത്തിയ വെബ് പോർട്ടൽ ആരംഭിച്ചും പ്രവർത്തനങ്ങളുമായി മുന്നോട്ട് പോവുകയാണ്. ശാസ്ത്രീയ മാലിന്യ നിർമാർജനത്തിനും സംസ്കരണത്തിനും മാലിന്യമുക്ത നവകേരളം എന്ന പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഏകോപിപ്പിക്കുകയാണ്. ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം പരമാവധി കുറച്ച് ഇലക്ട്രിക് വാഹനങ്ങൾ പരമാവധി ഉപയോഗിക്കണം. പുനരുപയോഗ ഊർജ സ്രോതസ്സുകൾ പരമാവധി വ്യാപകമാക്കി കാർബൺ ബഹിർഗമനം കുറക്കണം.

ഊർജ ഉപഭോഗം കാര്യക്ഷമമാക്കിക്കൊണ്ട് ഊർജ പ്രതിസന്ധിയുടെ സാധ്യത ഇല്ലാതാക്കണം. ഉപയോഗ ശൂന്യമായ നീർത്തടങ്ങൾ സംരക്ഷിച്ചും മഴവെള്ള സംഭരണികൾ വ്യാപകമാക്കിയും ജലസംരക്ഷണ പ്രവർത്തനങ്ങൾ ഊർജിതമാക്കണം. ബാംഗ്ലൂർ നഗരം നേരിട്ട വരൾച്ചയുടെ അനുഭവം നമുക്ക് മുന്നിലുണ്ട്. മരങ്ങൾ നട്ടുപിടിപ്പിച്ചും നഗരങ്ങളിൽ മിയാവാക്കി വനങ്ങളുൾപ്പെടെ ഒരുക്കിയും നമുക്ക് പ്രകൃതി സൗഹൃദമാകാം. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഇവയുടെ പരിപാലനവും ഏകോപനവും നിർവഹിക്കണം. ഇമാലിന്യങ്ങളെ ജാഗ്രതയോടെ കൈകാര്യം ചെയ്യുകയും പുനരുപയോഗ സാധ്യതകൾ ഉപയോഗിക്കുകയും വേണം. പരിസ്ഥിതി സൗഹൃദ നൂതനാശയങ്ങളെ തുറന്ന മനസോടെ സ്വീകരിക്കാൻ കഴിയുന്നമെന്നും മുഖ്യമന്ത്രി പറഞ്ഞു.

# കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ലാഭവിഹിതം കൈമാറി

## വായ്പാ വിതരണ, തിരിച്ചടവ് പ്രവർത്തനങ്ങളിൽ ചരിത്ര നേട്ടം

**തിരുവനന്തപുരം:** കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ 202223 സാമ്പത്തിക വർഷത്തിലെ ലാഭവിഹിതമായ 62.56 ലക്ഷം രൂപ മുഖ്യമന്ത്രിക്ക് ആരോഗ്യ, വനിത ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ് കൈമാറി. ചടങ്ങിൽ വനിത വികസന കോർപ്പറേഷൻ ചെയർപേഴ്സൻ റോസക്കുട്ടി ടീച്ചർ, മാനേജിംഗ് ഡയറക്ടർ ബിന്ദു വിസി, ഡയറക്ടർ ബോർഡ് അംഗം ടിവി അനിത, കോർപ്പറേഷൻ ഫിനാൻസ് ഓഫീസർ ഷാജി എകെ, അബിനാഥ് ജിഒ എന്നിവർ പങ്കെടുത്തു.

മികച്ച പ്രവർത്തനങ്ങളിലൂടെ തുടർച്ചയായി ലാഭത്തിലെത്തിച്ച സ്ഥാപനമാണ് സംസ്ഥാന വനിത വികസന കോർപറേഷനെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു.

സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം മുൻനിർത്തി സംസ്ഥാന വനിതാ വികസന കോർപറേഷൻ വലിയ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. വനിതാ വികസന കോർപറേഷന് 202223 സാമ്പത്തിക വർഷത്തിൽ 5.5 കോടി രൂപയുടെ ലാഭമാണ് ലഭിച്ചത്.

ഈ കാലയളവിൽ വായ്പാ വിതരണ, തിരിച്ചടവ് പ്രവർത്തനങ്ങളിൽ ചരിത്ര നേട്ടമാണ് വനിതാവികസന കോർപ്പറേഷൻ കൈവരിച്ചത്.

202324 സാമ്പത്തിക വർഷത്തിൽ 36,105 വനിത ഗുണഭോക്താക്കൾക്കായി 339.98 കോടി രൂപയുടെ വായ്പാ വിതരണം നടത്തി. ഇതിലൂടെ സംസ്ഥാനത്തൊട്ടാകെ 44,602 തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചു.



# പരിസ്ഥിതി സംരക്ഷണത്തിൽ സർക്കാർ ജീവനക്കാർ സജീവ പങ്കാളികളാവണമെന്ന് എഡിഎം

**കൊച്ചി:** പരിസ്ഥിതി സംരക്ഷണത്തിൽ സർക്കാർ ജീവനക്കാർ സജീവ പങ്കാളികളാവണമെന്ന് എറണാകുളം അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ആശ.സി.എബ്രഹാം ആവശ്യപ്പെട്ടു.

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് എറണാകുളം ജില്ലാ കാര്യാലയം കാക്കനാട് സിവിൽ സ്റ്റേഷനിൽ സംഘടിപ്പിച്ച പരിസ്ഥിതി ദിനാചരണവും വൃക്ഷത്തൈ നടീലും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു എഡിഎം. ചടങ്ങിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഷോജൻ.എ.പി അധ്യക്ഷനായിരുന്നു. ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും വകുപ്പിന്റെ ആഭിമുഖ്യത്തിൽ വൃക്ഷത്തൈകൾ വിതരണം ചെയ്തു. പരിപാടിയിൽ പങ്കെടുത്ത ജീവനക്കാർ പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ ചൊല്ലി. ദിനാചരണത്തിന് അഡീഷണൽ ജില്ലാ ഓഫീസർ ജമാൽ. കെ.എം, കണയന്നൂർ താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ കെ.എസ്.വിശ്വനാഥ്, റിസർച്ച് അസിസ്റ്റന്റുമാരായ മനില.കെ.കെ, സൂര്യ നാരായൺ, സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ ശ്രീകാന്ത്.എസ്.നായർ തുടങ്ങിയവർ നേതൃത്വം നൽകി

